98/DGE/HSE/NSS/2024

നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററിവിഭാഗം)
ജഗതിഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി:12/12/2024

# സർക്കുലർ

വിഷയം: ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം – സപ്തദിന സഹവാസ ക്യാമ്പ്- സമഗ്ര പച്ചക്കറി ഉല്പ്പാദന യജ്ഞം പദ്ധതി - അഗ്രിവോളന്റിയർ - ന്യൂട്രിഷണൽ ഗാർഡൻ എന്നിവ- സംബന്ധിച്ച്.

സൂചന: 1. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ - 9/12/2024 ലെ 583/M/(Agri)/2024 - നമ്പർ കത്ത്.
2.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 9/10/2024 ലെ എൻ.എം.ബി(1)/15286/2022/ഡി.ജി.ഇ. നമ്പർ കത്ത്.

യുവതയിൽ കാർഷിക സംസ്കാരം ഉണർത്താനും കാർഷിക മേഖലയിലെ അനന്തമായ തൊഴിലവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും പച്ചക്കറി ഉൽപാദന മേഖലയിൽ കേരളത്തെ സ്വയം പര്യാപ്തമാക്കുന്നതിനും വേണ്ടി കേരള കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളോട് പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം പങ്കാളികളാകുന്നു. കേരള മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം' പദ്ധതിയുടെ നിർവ്വഹണം ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീം 2024 സപ്തദിന സഹവാസ ക്യാമ്പ് 'ഹരിത സമൃദ്ധി' പദ്ധതിയിലൂടെ നടപ്പാക്കുന്നു.

ക്യാമ്പിംഗ് പ്രദേശത്തെ 25 വീടുകളിൽ എൻ.എസ്.എസ്. വോളന്റിയർമാർ തനതായി ഉത്പാദിപ്പിച്ച പത്തിനം പച്ചക്കറി തൈകൾ നട്ട് അടുക്കള തോട്ടം നിർമ്മിക്കുക. എല്ലാ പ്രോഗ്രാം ഓഫീസർമാരും ക്യാമ്പ് നോട്ടീസ് തയ്യാറാക്കുമ്പോൾ 'ഹരിത സമൃദ്ധി' പദ്ധതിയുടെ മുദ്രാവാക്യമായി 'സ്വയം പര്യാപ്ത കർഷക കേരളത്തിനായി അഗ്രി വോളണ്ടിയർ' എന്ന് കൂടി ഉൾപ്പെടുത്തണം.

പി. എം. പോഷൺ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആരംഭിച്ച സ്കൂൾ ന്യൂട്രിഷണൽ ഗാർഡൻ പ്രവർത്തനങ്ങളിൽ എൻ എസ്.എസ്. വോളന്റിയർമാരെയും പങ്കാളികളാക്കുക. എല്ലാ ഹയർ സെക്കൻഡറി എൻ.എസ്.എസ്. യൂണിറ്റുകളിലെയും പ്രോഗ്രാം ഓഫീസർമാർ അതാത് വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാരുമായി ബന്ധപ്പെട്ട് നിലവിൽ സ്കൂൾ ന്യൂട്രിഷണൽ ഗാർഡൻ പ്രവർത്തനങ്ങൾ ഉള്ള വിദ്യാലയങ്ങളിൽ അത് കൂടുതൽ വിപുലപ്പെടുത്താനും ഈ പ്രവർത്തനങ്ങൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ പുതുതായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുക.

എൻ.എസ്.എസ്. സപ്തദിന സഹവാസ ക്യാമ്പിനായി പൊതുവിദ്യാലയങ്ങൾ അടിയന്തരമായി കണ്ടെത്തുകയും ടി വിദ്യാലയങ്ങളിൽ ക്യാമ്പിന്റെ മുന്നൊരുക്കം എന്ന രീതിയിൽ ന്യൂട്രിഷണൽ ഗാർഡനുകളുടെ പ്രാഥമിക പ്രവർത്തനങ്ങൾ സ്കൂൾ അധികൃതരുമായി ചേർന്ന് സംഘടിപ്പിക്കുകയും വേണം.

DIRECTOR OF GENERAL EDUCATION
Thiruvananthapuram

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)